LIBRARY ARCHIVES Kerala Legislative Assembly

(സി) അശരണരായ വിധവകൾക്കായി നടപ്പാക്കിവരുന്ന അഭയകിരണം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന അഭയകിരണം പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്തതും അഭയസ്ഥാനമില്ലാതെ കഴിയുന്നതുമായ വിധവകൾ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷമായവർ എന്നിവരുടെ ജീവിതം മെച്ചപ്പെടുത്തുക, അവരുടെ സംരക്ഷണം ഉറപ്പു വരുത്തുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഈ വിഭാഗക്കാരെ സംരക്ഷിക്കുന്ന ബന്ധുവിന് പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. സംരക്ഷിക്കപ്പെടുന്ന വിധവകൾ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം, വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല, സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവരാകരുത്, പ്രായപൂർത്തിയായ മക്കൾ ഉള്ളവരാകരുത്, താമസിക്കുന്നതിന് സ്വന്തമായി ചുറ്റുപാടോ സൗകര്യമോ ഉള്ളവരാകരുത്, ഏതെങ്കിലും സ്ഥാപനത്തിൽ താമസക്കാരിയായി കഴിയുന്നവരാകരുത്, വിധവയെ സംരക്ഷിക്കുന്ന അപേക്ഷകർ ക്ഷേമ പെൻഷനോ വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റു ധനസഹായമോ ലഭിക്കുന്നവരാകരുത്.

വിദേശത്ത് പോകുന്നവർക്കുള്ള കോവിഡ് വാക്സിനേഷൻ

15 (*15) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യു.എ.ഇ. ഉൾപ്പെടെയുള്ള പല വിദേശരാജ്യങ്ങളിലും പ്രവേശിക്കുന്നതിന് വാക്സിനേഷൻ നിർബന്ധമാക്കിയിരിക്കുന്നതിനാൽ കേരളത്തിൽനിന്നും ജോലി സംബന്ധമായി വിദേശത്തുപോകുന്ന പ്രവാസികൾക്കും വിദേശ പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കും വാക്സിനേഷന് മുൻഗണന നൽകിയിട്ടുണ്ടെങ്കിലും പ്രായോഗികമായി നടപ്പിലാക്കുന്നതിൽ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രവാസികളുടെ വാക്സിനേഷൻ സുഗമമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. വാക്സിനേഷൻ എടുത്ത വിദേശത്ത് പോകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും രണ്ടാമത്തെ ഡോസ് 4 മുതൽ 6 ആഴ്ചയ്ക്കകം എടുക്കാവുന്നതാണ്.

2. പാസ്പോർട്ട് നമ്പർ അടങ്ങുന്ന വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

3. അർഹരായിട്ടുള്ളവർക്ക് വാക്സിനേഷൻ നൽകുന്നതിന് ജില്ലകളിലെ ഉദ്യോഗസ്ഥർ അപേക്ഷകരുടെ നിലവിലുള്ള വിസ, വിദ്യാർത്ഥികളുടെ അഡ്മിഷൻ വിവരങ്ങൾ അടങ്ങുന്ന രേഖകൾ, വർക്ക് പെർമിറ്റ് അല്ലെങ്കിൽ ജോബ് കൺഫർമേഷൻ രേഖകൾ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി https://covid19.kerala.gov.in/vaccine/ എന്ന വെബ് ലിങ്ക് ആരംഭിച്ചിട്ടുണ്ട്. അത് ഉപയോഗിച്ച് വാക്സിനേഷന് രജിസ്റ്റർ ചെയ്യാവുന്നതും വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. ഇന്ത്യയിൽ നൽകിവരുന്ന വാക്സിനുകൾ അന്താരാഷ്ട്ര തലത്തിൽ മനസ്സിലാക്കുന്നതിനായി സർട്ടിഫിക്കറ്റിൽ ഉൽപ്പാദക കമ്പനിയുടെ വിശദാംശവും ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന QR code കൂടി സർട്ടിഫിക്കറ്റിൽ ഉൾച്ചേർത്തിട്ടുണ്ട്. കൂടാതെ 18 വയസ്സിന് മുകളിലുള്ള എല്ലാവർക്കും priority vaccination-നുവേണ്ടി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവും ഒരു ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് provisional സർട്ടിഫിക്കറ്റും രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് final certificate-ഉം download ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. നിലവിൽ വാക്സിൻ സ്വീകരിച്ചുകഴിഞ്ഞവർക്കും ഈ വെബ് ലിങ്കിലൂടെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്. ജില്ലാതലത്തിൽ അപേക്ഷ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് പോർട്ടൽവഴിതന്നെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. വാക്സിൻ നൽകിയശേഷം e-Health പോർട്ടലിൽ വാക്സിൻ കേന്ദ്രങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുമ്പോൾത്തന്നെ മേൽ സർട്ടിഫിക്കറ്റുകൾ സിസ്റ്റത്തിൽ automatic ആയി ലഭിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ പ്രവാസികൾക്കും വിദ്യാർത്ഥികൾക്കും സുഗമമായ അന്താരാഷ്ട്ര യാത്ര ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏറ്റവും കൂടുതൽ വിദേശ മലയാളികളുള്ള മലപ്പുറം ജില്ലയിൽ ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് വാക്സിനേഷൻ നൽകുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

&

(ഡി) ഈ വിഭാഗത്തിൽപ്പെടുന്നവരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കൂടുതൽ വാക്സിനേഷൻ സെന്റർ ആരംഭിക്കുന്നതിനും കൂടുതൽ വാക്സിൻ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ 115 ആരോഗ്യ സ്ഥാപനങ്ങളിലെയും വാക്സിനേഷൻ കേന്ദ്രങ്ങളിൽ പ്രവാസികൾക്കും കോവിഡ് വാക്സിൻ ലഭ്യമാക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിലെ വാക്സിൻ ലഭ്യതയനുസരിച്ച് വാക്സിനേഷൻ സെന്ററുകളിൽ വാക്സിൻ നൽകിവരുന്നു. ആവശ്യകതയനുസരിച്ച് ജില്ലകളിൽ പുതിയതായി വാക്സിനേഷൻ സെന്ററുകൾ ആരംഭിക്കാൻ ജില്ലാ ടാസ്ക് ഫോഴ്സിന് അധികാരമുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

16 (*16) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ നീതിപൂർവ്വമായ നിർവ്വഹണത്തിലൂടെ കഴിഞ്ഞ സർക്കാർ നടത്തിയ മാതൃകാപരവും പ്രശംസനീയവുമായ പ്രവർത്തനങ്ങൾ പിൻതുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതുമുതൽ ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. അപേക്ഷ നേരിട്ടോ ഓൺലൈനായോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ ജനപ്രതിനിധികളുടെ ഓഫീസ് മുഖേനയോ തപാൽ മാർഗ്ഗത്തിലോ സമർപ്പിക്കാവുന്നതാണ്. താഴെപ്പറയുന്ന പ്രത്യേകതകൾകൂടി ഈ സംവിധാനത്തിനുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly